**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ ശ്മശാന നടത്തിപ്പിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ജീവനക്കാരുടെ വേതന കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2379/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി,22/12/2020

പരാമർശം:- 1. കടലുണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 20/12/2019ലെ A3/7904/2018 നമ്പർ അപേക്ഷ

2.പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 20/10/2020 ലെ PAN/4672/2020-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ ശ്മശാന നടത്തിപ്പിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ജീവനക്കാരുടെ വേതന കുടിശ്ശിക തുകയായ 58080 രൂപയും, തുടർന്ന് 2020 മാർച്ച് വരെ ഒരു ജീവനക്കാരൻ ജോലി ചെയ്ത തുകയും ഉൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും നൽകണമെന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ 2019 ഒക്ടോബർ നവംബർ മാസങ്ങളിൽ ശ്മശാന നടത്തിപ്പിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ജീവനക്കാരുടെ വേതന കുടിശ്ശിക തുകയായ 58080 രൂപയും തുടർന്ന് 2020 മാർച്ച് വരെ ഒരു ജീവനക്കാരൻ ജോലി ചെയ്ത തുക കൂടി ഉൾപ്പെടുത്തി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കടലുണ്ടി ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.22 12:49:45 IST
Reason: Approved